**ഇലക്ഷൻ അടിയന്തിരം**

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം- 695033

**സർക്കുലർ**

നമ്പർ : ബി1/33870/ 2020/സം.തി.ക. തീയതി : 06.01.2021

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2020 – വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ്- അധിക മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 30.12.2020 ലെ ബി1/33870/ 2020/സം.തി.ക നമ്പർ സർക്കുലർ.

2020 ലെ പൊതു തിരഞ്ഞെടുപ്പിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സ്റ്റാന്റിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സൂചന സർക്കുലർ നൽകിയിട്ടുള്ളതാണ്. അതിനു പുറമെ ചുവടെ ചേർക്കുന്ന അധികമാർഗ്ഗ നിർദ്ദേശങ്ങൾ കൂടി നൽകുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വരണാധികാരികൾക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസർമാരെ ബന്ധപ്പെടേണ്ടതാണ്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വൈസ് പ്രസിഡന്റ്/ ഡെപ്യൂട്ടി ചെയർപേഴ്സൺ/ ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ളതാണെങ്കിൽക്കൂടി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് ഒരംഗത്തെക്കൂടി തിരഞ്ഞെടുക്കേണ്ടതാണ്.
2. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും സ്ത്രീകൾക്കായി സംവരണം ചെയ്ത സ്ഥാനത്തേക്കാണ് ആദ്യം തിരഞ്ഞെടുപ്പ നടത്തേണ്ടത്. സ്ത്രീ സംവരണ സ്ഥാനങ്ങൾ നികത്തിയതിനുശേഷം മാത്രമേ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ മറ്റ് അംഗങ്ങളെ തിരഞ്ഞെടുക്കാൻ പാടുള്ളൂ. ഏതെങ്കിലും ഒന്നോ അതിലധികമോ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശം ലഭിക്കാത്തതുമൂലം അംഗത്തെ തിരഞ്ഞെടുക്കാൻ കഴിയാതെ വരുന്ന പക്ഷം വരണാധികാരി 5 ദിവസത്തിനകം വീണ്ടും ഭരണ സമിതി അംഗങ്ങളുടെ യോഗം

വിളിച്ചു ചേർക്കേണ്ടതും മേൽ പ്രകാരം സ്ത്രീ സംവരണസ്ഥാനം നികത്തുന്നതിന് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. അപ്രകാരം യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നോട്ടീസിൽ ഒഴിവുള്ള സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടകാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതുമാണ്.

3. മേൽ പ്രകാരം രണ്ടാമത് വിളിച്ചു ചേർക്കുന്ന യോഗത്തിലും സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശങ്ങളൊന്നും ലഭിയ്ക്കാത്തപക്ഷം, ആ സ്ഥാനത്തേയ്ക്ക് ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗമല്ലാത്ത ഒരു സ്ത്രീ അംഗത്തെ യോഗത്തിന്റെ ഭൂരിപക്ഷപ്രകാരം തീരുമാനിക്കുന്നതിന് വരണാധികാരി ഭരണസമിതി അംഗങ്ങളോട് ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഭരണസമിതി അതിന് തയ്യാറാകാത്തതുമൂലം സ്ത്രീ സംവരണ സ്ഥാനം നികത്താൻ കഴിയാത്ത സാഹചര്യം സംജാതമാകുന്ന പക്ഷം വരണാധികാരി ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സ്ത്രീ അംഗം എന്നിവരൊഴികെയുള്ള എല്ലാ സ്ത്രീ അംഗങ്ങളും നിർദ്ദിഷ്ട സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികളായി കണക്കാക്കി ബാലറ്റ് പേപ്പർ തയ്യാറാക്കി സാധാരണ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്ന രീതിയിൽ വോട്ടെടുപ്പ് നടത്തി സ്ത്രീ സംവരണ സ്ഥാനം നികത്തേണ്ടതും തുടർന്ന് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും മറ്റ് അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതുമാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ വരണാധികാരികൾക്കും
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
പകർപ്പ്:-

എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
സ്റ്റാന്റിംഗ് കൗൺസിൽ, എറണാകുളം
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ സി.എ/സെക്രട്ടറിയുടെ സി.എ
കമ്പ്യൂട്ടർ പ്രോഗ്രാമർ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ